File No.REV-DRF-A1/457/2019-REV

3067
18/2/20

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

റവന്യൂ വകുപ്പ് – മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി- തീപിടുത്തത്തിൽ വാസഗൃഹങ്ങൾ നഷ്ടപ്പെടുന്നവർക്കും കടൽക്ഷോഭം/മറ്റ് അപകടങ്ങൾ എന്നിവയിൽ വള്ളം, ബോട്ട്, വല, കട്ടമരം എന്നീ ജീവിതോപാധികൾ നഷ്ടപ്പെടുന്നവർക്കും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും നിലവിൽ നൽകിവന്ന ധനസഹായം വർധിപ്പിച്ച് കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

റവന്യൂ ( ഡി.ആർ.എഫ്-എ) വകുപ്പ്

സ.ഉ.(കൈ) നം.48/2020/റവ. തീയതി,തിരുവനന്തപുരം, 08/02/2020

പരാമർശം:- 1 28.01.2012 ലെ സ.ഉ ( കൈ ) നം. 34/12/ റവ

2 04/08/2011-ലെ സ.ഉ.(കൈ) നം.295/11/റവ-

3 03/09/2016-ലെ സ.ഉ.(കൈ) നം. 492/16/റവ

4 05.02.2018 ലെ സ.ഉ ( കൈ ) നം . 44/2018/ റവ

ഉത്തരവ്

തീപിടുത്തം മൂലം വാസഗൃഹങ്ങൾക്കും ഇൻഷ്വറൻസ് പരിരക്ഷയില്ലാത്ത ചെറുകിട കച്ചവട സ്ഥാപനങ്ങൾക്കും ഉണ്ടാകുന്ന നാശനഷ്ടങ്ങൾക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും പരാമർ ശം ( 1 ) പ്രകാരം നൽകി വന്ന 10,000/- രൂപ , പരാമർ ശം ( 4 ) പ്രകാരം 15000/-രൂപയായി വർധിപ്പിക്കുകയുണ്ടായി . എന്നാൽ തീപിടുത്തത്തിൽ , വീട് പൂർണ്ണമായി കത്തി നശിക്കുന്ന കേസുകളിലും വീടുകൾക്കുണ്ടാകുന്ന നാശനഷ്ടത്തിനും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും നിലവിൽ നൽകി വരുന്ന ധനസഹായവും കൂടാതെ കടൽക്ഷോഭത്തിൽ വള്ളം, ബോട്ട്, വല, കട്ടമരം എന്നീ ജീവിതോപാധികൾ പൂർണ്ണമായും നഷ്ടപ്പെടുന്നവർക്ക് നൽകി വരുന്ന പരമാവധി ധനസഹായമായ 7500/- രൂപയും ഭാഗികമായി നഷ്ടപ്പെടുന്നവർക്ക് നൽകി വരുന്ന 2500/- രൂപയും കാലാനുസൃതമായി പരിഷ്കരിച്ച് വർധിപ്പിക്കേണ്ടതിന്റെ ആവശ്യകത സർക്കാർ പരിശോധിച്ചു. തീപിടുത്തം മൂലം വാസഗൃഹങ്ങൾക്കുണ്ടാകുന്ന നാശനഷ്ടങ്ങൾക്കും കടൽക്ഷോഭത്തിലും മറ്റ് അപകടങ്ങളിലും വള്ളം, ബോട്ട്, വല, കട്ടമരം എന്നീ ജീവിതോപാധികൾക്കുണ്ടാകുന്ന നാശനഷ്ടങ്ങൾക്കും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും നൽകാവുന്ന പരമാവധി ധനസഹായം ചുവടെ പറയും പ്രകാരവും ആയതോടൊപ്പം ചേർത്തിട്ടുള്ള വ്യവസ്ഥകൾക്ക് വിധേയമായും വർധിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

a ) തീപിടുത്തത്തിൽ വാസഗൃഹങ്ങൾക്ക് കാര്യമായ നാശനഷ്ടം സംഭവിക്കുന്ന കേസുകളിൽ പരമാവധി 1,00,000/- രൂപയും (ഒരു ലക്ഷം രൂപാ മാത്രം) വീട് പൂർണ്ണമായി കത്തി നശിക്കുന്ന കേസുകളിൽ പരമാവധി 4,00,000/- രൂപയും ( നാല് ലക്ഷം രൂപാ മാത്രം) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും അനുവദിക്കുന്നതാണ്.

b) വീടിന് കാര്യമായ നാശനഷ്ടം സംഭവിക്കുന്ന കേസുകളിൽ റവന്യൂ അധികാരികളിൽ നിന്നുള്ള റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലും ഫയർഫോഴ്സ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലും പരമാവധി ഒരു ലക്ഷം രൂപയും വീട് പൂർണ്ണമായി കത്തി നശിക്കുന്ന കേസുകളിൽ റവന്യൂ അധികാരികളുടെ റിപ്പോർട്ടിന്റെ

അടിസ്ഥാനത്തിലും ഫയർഫോഴ്സ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലും പരമാവധി 4 ലക്ഷം രൂപയും ധനസഹായം അനുവദിക്കുന്നതാണ്. കാര്യമായ നാശനഷ്ടം എന്നത് 50-74% വരെയുള്ള നാശനഷ്ടം എന്നതായി കണക്കാക്കുന്നതാണ്. ആയത് വ്യക്തമായി ശതമാനത്തിന്റെ തോതിൽ ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്യേണ്ടതാണ്. നാശനഷ്ടം കണക്കാക്കുന്നത് വീടിനുണ്ടായ നാശത്തെ മാത്രം ആധാരമാക്കിയായിരിക്കണം. നശിച്ച വീട്ടുപകരണങ്ങളുടെ മൂല്യവും ചേർത്ത് നാശനഷ്ടതോത് കണക്കാക്കുവാൻ പാടുള്ളതല്ല. 75%-100% വരെയുള്ളത് പൂർണ്ണമായ നാശനഷ്ടമായി കണക്കാക്കുന്നതും ആയതിന് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നു പരമാവധി 4 ലക്ഷം രൂപ നൽകുന്നതുമാണ്

തീപിടുത്തത്തിൽ ധനസഹായം അനുവദിക്കുന്നതിന് നാശനഷ്ടത്തിന്റെ തോത് താഴെ പറയും പ്രകാരം നിശ്ചയിക്കുന്നു.

| | |
|---|---|
| 14% വരെയുള്ള നാശനഷ്ടത്തിന് പരമാവധി | 10,000/- രൂപ |
| 15%-30% വരെയുള്ള നാശനഷ്ടത്തിന് പരമാവധി | 15,000/- രൂപ |
| 31%-49% വരെയുള്ള നാശനഷ്ടത്തിന് പരമാവധി | 40,000/- രൂപ |
| 50%-74% വരെയുള്ള നാശനഷ്ടത്തിന് പരമാവധി | 1,00,000/- രൂപ |
| 75%-100% വരെയുള്ള നാശനഷ്ടത്തിന് പരമാവധി | 4,00,000/- രൂപ(പൂർണ്ണമായ നാശനഷ്ടമെന്ന നിലയിൽ ) |

c) കുടുംബ വാർഷികവരുമാനം 2,00,000/- (രണ്ട് ലക്ഷം രൂപാ മാത്രം) രൂപയിൽ താഴെയുള്ളവർക്ക് മാത്രമാണ് ധനസഹായത്തിന് അർഹത. തീപിടുത്തം ഉണ്ടായി 6 മാസത്തിനുള്ളിൽ അപേക്ഷ സമർപ്പിക്കേണ്ടതാണ്. ഇപ്രകാരം വർദ്ധിപ്പിച്ച ധനസഹായം നൽകുന്നത് നിലവിൽ ഏതെങ്കിലും അധികാരസ്ഥാനത്ത് തീർപ്പ് കല്പിക്കുവാൻ ശേഷിക്കുന്ന കേസുകളിലും ഉത്തരവ് പുറപ്പെടുവിക്കുന്ന തീയതിക്ക് ശേഷം സംഭവിക്കുന്ന അപകടങ്ങൾക്കും മാത്രമായിരിക്കും. നിലവിലുള്ള നിരക്കിൽ ധനസഹായം നൽകി തീർപ്പാക്കിയ കേസുകൾ പുനഃപരിശോധിക്കുന്നതല്ല. വാസഗൃഹങ്ങൾക്ക് മാത്രമാണ് വർധിപ്പിച്ച നിരക്കിലുള്ള ധനസഹായത്തിന് അർഹതയുണ്ടായിരിക്കുന്നത്. പരാമർശം (1) ഉത്തരവിലെ മറ്റ് നിബന്ധനകൾ അതേപടി നിലനിൽക്കുന്നതാണ്.

2) തീപിടുത്തം മൂലം വീടുകൾ പൂർണ്ണമായി കത്തി നശിക്കുന്ന കേസുകളിൽ മാത്രം പരാമർശം (3) പ്രകാരം നിഷ്കർഷിച്ചിട്ടുള്ള പരിധി ബാധമാക്കാതെ മൂന്ന് ലക്ഷം രൂപയിൽ അധികരിച്ച് പരമാവധി നാല് ലക്ഷം രൂപ വരെയുള്ള ധനസഹായം അനുവദിക്കുന്നതിന് ബഹു.മുഖ്യമന്ത്രിക്ക് അധികാരം ഉണ്ടായിരിക്കുന്നതാണ്.

3 ) കടൽ ക്ഷോഭത്തിൽ വള്ളം, ബോട്ട്, വല, കട്ടമരം എന്നിവ പൂർണ്ണമായും നഷ്ടപ്പെടുന്നവർക്ക് പരാമർശം (2) പ്രകാരം, മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും നൽകി വന്നിരുന്ന ധനസഹായം താഴെ പറയുന്ന വ്യവസ്ഥകളോടെ വർധിപ്പിച്ച് ഉത്തരവാകുന്നു.

(i) കടൽക്ഷോഭത്തിൽ വള്ളം, ബോട്ട്,എന്നീ ജീവിതോപാധികൾ പൂർണ്ണമായും നഷ്ടപ്പെടുന്നവർക്ക് പരമാവധി 2,00,000/- രൂപയും (രണ്ട് ലക്ഷം രൂപാ മാത്രം) വല, കട്ടമരം എന്നിവ

പൂർണ്ണമായും നഷ്ടപ്പെട്ടുന്നവർക്ക് പരമാവധി 1,00,000/- രൂപയും (ഒരു ലക്ഷം രൂപാ മാത്രം) വള്ളം, ബോട്ട് എന്നിവ ഭാഗികമായി നഷ്ടപ്പെട്ടുന്നവർക്ക് പരമാവധി 1,00,000/- രൂപയും (ഒരു ലക്ഷം രൂപാ മാത്രം) കട്ടമരം ഭാഗികമായി നഷ്ടപ്പെട്ടുന്നവർക്ക് പരമാവധി 20,000/- ( ഇരുപതിനായിരം രൂപ മാത്രം ) രൂപയും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും അനുവദിക്കുന്നതാണ്.

(ii) കുടുംബ വാർഷിക വരുമാനം 2,00,000/- രൂപയിൽ ( രണ്ട് ലക്ഷം രൂപ മാത്രം) താഴെയുള്ളവർക്ക് മാത്രമായിരിക്കും ധനസഹായത്തിന് അർഹത. ഇപ്രകാരം ധനസഹായം അനുവദിക്കുന്നതിന് അപകടം സംഭവിച്ച് 6 മാസത്തിനുള്ളിൽ അപേക്ഷ സമർപ്പിക്കേണ്ടതാണ്. കടൽക്ഷോഭത്തിൽ സംഭവിക്കുന്നതിനു പുറമേ , മേൽപ്പറഞ്ഞ ജീവിതോപാധികൾ മത്സ്യബന്ധനത്തിനു ശേഷം സാധാരണ ഗതിയിൽ സൂക്ഷിക്കുന്ന സ്ഥലങ്ങളിൽ സംഭവിക്കുന്ന മറ്റ് അപകടങ്ങളിൽ ഇവയ്ക്ക് നാശനഷ്ടം സംഭവിച്ചാലും ഇപ്രകാരമുള്ള ധനസഹായത്തിന് അർഹത ഉണ്ടായിരിക്കുന്നതാണ്. വർദ്ധിപ്പിച്ച ധനസഹായം നൽകുന്നത് നിലവിൽ ഏതെങ്കിലും അധികാരസ്ഥാനത്ത് തീർപ്പ് കൽപിക്കുവാൻ ശേഷിക്കുന്ന കേസ്സുകളിലും ഇത് സംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിച്ച ശേഷം സംഭവിക്കുന്ന അപകടങ്ങൾക്കും മാത്രമായി പരിമിതപ്പെടുത്തുന്നു. നിലവിലുള്ള നിരക്കിൽ ധനസഹായം നൽകി തീർപ്പാക്കിയ കേസുകൾ പുനഃപരിശോധിക്കുന്നതല്ല. പരാമർശം (2) ഉത്തരവിലെ മറ്റ് നിബന്ധനകൾ അതേപടി നിലനിൽക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
വേണു.വി
പ്രിൻസിപ്പൽ സെക്രട്ടറി

പകർപ്പ്,

ലാന്റ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം.

എല്ലാ ജില്ലാ കളക്ടർമാർക്കും ( ആവശ്യമായ നടപടികൾക്കായി)

ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി (മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി ഖജാൻജി)

ബഹു.മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

ബഹു.റവന്യൂവകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

ബഹു. ഫിഷറീസ് വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

റവന്യൂവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.യ്ക്ക്

ധനകാര്യ (ഫണ്ട്സ്) വകുപ്പ്,

മത്സ്യ ബന്ധന തുറമുഖ വകുപ്പ്

ദുരന്ത നിവാരണ വകുപ്പ്

പൊതുഭരണ (എസ്.സി)വകുപ്പ് (15.01. 2020-ലെ ഇനം നം.3685 പ്രകാരം)

ബഹു.മുഖ്യമന്ത്രിയുടെ കംപ്യൂട്ടർ സെൽ

റവന്യൂ (ഡിആർഎഫ്--ബി /സി വകുപ്പ്)

വിവരപൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്

കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signature valid

Digitally signed by DEEPU S S
Date: 2020.02.11 11:35:19 IST
Reason: Approved

സെക്ഷൻ ഓഫീസർ